'119641/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി .ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് ഐ സി ഡി എസ് പോഷകബാല്യം പദ്ധതി 2023-24 - സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസത്തെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 14.06.2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.344/2023 WCDD,345/2023WCDD നമ്പർ സർക്കാർ ഉത്തരവുകൾ
2. 24.05.2023 തീയതിയിലെ.DWCD/ 2602/2023-ICDS B1 ഉത്തരവ്.
3. 10.08.2023, 20.08.2023, 24.08.2023 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.
   14 ജില്ലാ വനിതാശിശു വികസന ഓഫീസുകളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റ്.
4.

**ഉത്തരവ് നം. DWCD/2602/2023-ICDSB1 തീയതി: 07-10-2023**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും,സുസ്ഥിരവികസന ലക്ഷ്യമായ "നോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി 2022-23 ൽ ആരംഭിച്ചു. നടപ്പ് സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 6350.00 ലക്ഷം രൂപ വകയിരുത്തുകയും 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പരാമർശം (2) പ്രകാരം 14 ജില്ലകൾക്ക് 2023 മാർച്ച് മുതൽ ഓഗസ്റ്റ് വരെ പോഷകബാല്യം പദ്ധതി നടത്തിപ്പിനായി മുട്ടയ്ക്ക് 6,15,00,000/- രൂപയും പാലിന് 6,42,00,000/-രൂപയും ഉൾപ്പെടെ ആകെ 12,57,00,000/-രൂപ അനുവദിച്ചിരുന്നു.

09/10/23
JS/13

പോഷകബാല്യം പദ്ധതിക്ക് ഓഗസ്റ്റ് മാസം വരെ അധികമായി തുക ആവശ്യപ്പെട്ട തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകൾക്ക് പരാമർശം (3) പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

പരാമർശം (4) പ്രകാരം നവംബർ മാസം വരെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി 14 ജില്ലാ ഓഫീസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം മലപ്പുറം, വയനാട്, കാസർകോട് ജില്ലകൾക്ക് ഓഗസ്റ്റ് മാസം വരെ മുട്ടയ്ക്ക് അധികമായി ആവശ്യമുള്ള 21,21,609/- രൂപ ഉൾപ്പെടെ നവംബർ മാസം വരെ 14 ജില്ലകൾക്കായി മുട്ടയ്ക്ക് 4,99,96,701/-രൂപ ആവശ്യമായിട്ടുണ്ട്.

വയനാട്, കാസർകോട് ജില്ലകൾക്ക് ഓഗസ്റ്റ് മാസം വരെ പാലിന് അധികമായി ആവശ്യമുള്ള 17,17,056/- രൂപ ഉൾപ്പെടെ നവംബർ മാസം വരെ 14 ജില്ലകൾക്കായി പാലിന് 5,28,62,425/-രൂപ ആവശ്യമായിട്ടുണ്ട്.

പോഷകബാല്യം പദ്ധതിക്കായി 14 ജില്ലകൾക്ക നവംബർ മാസം വരെ മുട്ടയ്ക്ക് ആവശ്യമായ 4,99,96,701/- രൂപയും പാലിന് ആവശ്യമായ 5,28,62,425/-രൂപയും ഉൾപ്പെടെ ആകെ 10,28,59,126/-രൂപ (പത്തു കോടി ഇരുപത്തെട്ടു ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി ഇരുപത്തി ആറ് രൂപാ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക അലോട്ടുമെന്റായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരം ജില്ലാ വനിതാ

ശിശുവികസന ഓഫീസർമാർക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ വഹിക്കാവുന്നതാണ്.

അതാതു മാസം ശിശു വികസന പദ്ധതി പദ്ധതി ഓഫീസർമാർ, മുട്ട, പാൽ വിതരണം ചെയ്തതിനു ശേഷം, അടുത്ത മാസത്തെ റിക്വർമെന്റ് സ്റ്റേറ്റ്മെന്റ് സഹിതം ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതും, ജില്ലാ വനിതാശിശു വികസന ഓഫീസർമാർ ആയതു പരിശോധിച്ച ആവശ്യമായ തുക (നിരക്കിൽ വ്യത്യാസമില്ലാതെ) ശിശു വികസന പദ്ധതി പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതുമാണ്.

ഇപ്രകാരം അനുവദിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും ഓഫീസർമാർ ആയതു ക്രോഡീകരിച്ച 2024 ജനുവരി മാസം 15 ന മുൻപ് ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ സെക്ഷൻ, പ്ലാനിംഗ് സെക്ഷൻ
3. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
4. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

ligned by Priyanka G
Date: 07-10-2023 14:28:55